ഉത്തരം

ഇല്ല. ഇത്തരമൊരു കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

മറുനാടൻ മലയാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകാനുള്ള നടപടി

25 [5801] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വോട്ടർ പട്ടികയിൽ പേരില്ലാത്തതിനാൽ ഐഡന്റിറ്റി കാർഡ് ഇല്ലാത്ത വിദേശ മറുനാടൻ മലയാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകാൻ എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, .ബി) വിദേശ മലയാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകാനുള്ള ഒരു പദ്ധതിയ്ക്ക് രൂപം നൽകണമെന്ന് തിരുവനന്തപുരത്ത് ജൂലൈ 12, 13, തീയതികളിൽ നടന്ന മറുനാടൻ മലയാളി സമ്മേളനം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവാസികാര്യ വകുപ്പ് ഈ നിർദ്ദേശം പരിഗണിച്ചുവരികയാണ്.

സർട്ടിഫിക്കറ്റുകൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്ന് സാക്ഷ്യപ്പെടുത്തിക്കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

26 [5802] ശ്രീ. തോമസ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ:
,, കെ. നാരായണകുറുപ്പ്: താഴെ കാണുന്ന ചോദ്യത്തിന് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഗൾഫിൽ ജോലി ലഭിക്കുന്നതിന് സർട്ടിഫിക്കറ്റുകൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്ന് സാക്ഷ്യപ്പെടുത്തണമെന്ന നിയമം അനുസരിച്ച് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് എറണാകുളത്ത് ഒരു കേന്ദ്രം ആരംഭിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

ഗൾഫിൽ ജോലി ലഭിക്കുന്നതിന് വേണ്ടി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തേണ്ടത് കേന്ദ്ര മനുഷ്യ വിഭവ ശേഷി മന്ത്രാലയവും, വിദേശ കാര്യ മന്ത്രാലയവുമാണ്. ഇതിലേക്ക് വേണ്ടി പ്രസ്തുത മന്ത്രാലയങ്ങളുടെ ഓരോ സെല്ലുകൾ കേരളത്തിൽ ആരംഭിക്കുന്നതിന് കേന്ദ്രവിഭവശേഷി മന്ത്രിക്കും കേന്ദ്ര വിദേശകാര്യ മന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly